©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ഡിസംബർ 29<br>29th December 2020<br>1196 ധനു 14<br>14th Dhanu 1196<br>1942 പൌഷം 8<br>8th Pousha 1942 | നമ്പർ No. 3121 |


ഫാറം നമ്പർ 7

(ചട്ടം 18(1) കാണുക)

**വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരം എറണാകുളം ജില്ലാ കളക്ടർ പുറപ്പെടുവിക്കുന്ന പ്രാരംഭ വിജ്ഞാപനം**

**നം.സി3-593/2019** **2020 ഡിസംബർ, 21**

കേരള സർക്കാർ 09.12.15-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 649/2015 വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എറണാകുളം കാക്കനാട് എൻ.എച്ച് നമ്പർ-1 പൊന്നുവില സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഈ പൊന്നുവില നടപടിയുടെ പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടേറ്റിലെ പൊന്നുവില ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും ;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കുമ്പളം - തേവര പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും ;

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 11 ഉപവകുപ്പ് 1 ലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു ;

പൊന്നുവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം നടന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽഎ) എൻ.എച്ച് നമ്പർ-1, കാക്കനാട്, എറണാകുളം മുൻപാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം താഴെക്കൊടുത്തിരിക്കുന്നു. ആയത് എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റായ www.ernakulam.nic.in-ൽ ലഭ്യമായിട്ടുള്ളതാണ്. ആയതിന്റെ പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ(എൽ.എ.) എൻ.എച്ച് നമ്പർ-1, കാക്കനാട്, എറണാകുളം എന്നീ ഓഫീസുകളിലും ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

ജില്ല - എറണാകുളം

താലൂക്ക് - കണയന്നൂർ

വില്ലേജ് - കുമ്പളം , എളംകുളം

(ഏകദേശവിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നമ്പർ | വില്ലേജ് | സർവ്വെ നമ്പർ | ഇനം | വിസ്തീർണ്ണം ഹെക്ടർ | ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകത | ബാധിക്കപ്പെട്ട് കുടുംബങ്ങളെ മാറ്റുന്നതിനുള്ള കാരണം | ഉടമസ്ഥരുടെപേര് |
|---|---|---|---|---|---|---|---|
| 1 | എളംകുളം | 1017/1 | പുരയിടം | 0.0220 | കുമ്പളം -തേവര പാലം അപ്രോച്ച് റോഡ് നിർമാണം | കുടുംബങ്ങളെ മാറ്റി പാർപ്പി ക്കേണ്ടതായി വരുന്നില്ല | 1. ഭഗത് സിംഗ്, സുകുമാരൻ, കൃഷ്ണൻ മുതൽ പേർ , ചുങ്കത്തിൽ, തേവരഫെറി<br>2. സുരേഷ് , s/o കുമാരൻ, മുക്കത്തു, തേവരഫെറി<br>3. P S വിശ്വംഭരൻ s/o മുക്കത്തു, തേവരഫെറി<br>4. സെബാസ്റ്റ്യൻ ജോസ് .കെ.എസ്. s/o ജോസ്, കിഴക്കേക്കര, തൊട്ടുപുഴ<br>5. A S രാജീവൻ s/o പി.എ.ശരവണൻ, കാർത്തിക, തേവരഫെറി<br>6. സിന്ധു A A w/o A S രാജീവൻ . കാർത്തിക, തേവരഫെറി |
| 2 | | 1017/4 | പുരയിടം | 0.0260 | | | 1.കാർത്യായനി , w/o കൃഷ്ണൻ, മുരിക്കനാവിളയിൽ, തേവരഫെറി<br>2.ഉഷ T K, w/o എം.കെ.പരമേശ്വരൻ, ശ്രീദേവി, D/o എം.കെ.പരമേശ്വരൻ കാർത്യായനി, M/o |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | എം.കെ.പരമേശ്വരൻ, മുരിക്കനാപിള്ളിൽ വീട്, തേവരഫെറി<br>3. പാപ്പു, s/o മാധവൻ, മൂക്കത്ത് വീട്, തേവരഫെറി<br>4. K K പീതാംബരൻ, s/o കുട്ടപ്പൻ,, കൊമരപ്പള്ളി, വൃന്ദാവൻ, നേതാജി നഗർ, കടവന്ത്ര പി.ഒ<br>5.C P സുരേന്ദ്രൻ, s/o പത്മനാഭൻ, ചുങ്കത്തിൽ വീട്, തേവരഫെറി |
| 3 | കുമ്പളം Block -15 | 2/2 | പുരയിടം | 0.0075 | | | ജോസഫ് , s/o പൈലി, അമ്മപറമ്പിൽ വീട്, കുമ്പളം പി.ഒ |
| | | 2/3 | പുരയിടം | 0.0200 | | | റോസി ജോബ് & രേഷ്മ സാറ ജോസ്. ചോളപറമ്പിൽ , കുമ്പളം പി.ഒ |
| | | 2/4 | പുരയിടം | 0.0068 | | | 1. K V പ്രകാശൻ, s/o വേലു, കളപ്പുരയ്ക്കൽ വീട്, കുമ്പളം പി.ഒ<br>2. T P ലതിക, ധ/o ഭാസി,,തെക്കുതലപറമ്പ്, കുമ്പളം പി.ഒ |
| | | 2/6 | പുരയിടം | 0.0020 | | | ജോസഫ്, s/o ഔസേഫ്, തായങ്കരിയിൽ കുമ്പളം പി.ഒ |
| | | 2/12 | പുരയിടം | 0.0038 | | | സുനിൽ, s/o കെ.കെ.രാജപ്പൻ, കളപ്പുരയിൽ, കുമ്പളം പി.ഒ |
| | | 2/13 | പുരയിടം | 0.0040 | | | വേലപ്പൻ, കെ.കെ, s/o കൊച്ചിട്ടൻ, |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | കളപ്പുരയിൽ, കുമ്പളം പി.ഒ |
| | | 3/1 | പുരയിടം | 0.0100 | | | 1.ബഷീർ , s/o അബൂബക്കർ, കുപ്പക്കാട്ടിൽ, കുമ്പളം പി.ഒ<br>2.വിജയൻ, s/o പ്രഭാകരൻ, വടക്കേചിറയിൽ കുമ്പളം പി.ഒ |
| | | 3/4 | പുരയിടം | 0.0087 | | | 1.കുഞ്ഞുമണി, s/o നാരായണൻ, കളപ്പുരചിറയിൽ, കുമ്പളം പി.ഒ<br>2. സൽമ ധ/o കുഞ്ഞുമണി, കളപ്പുരചിറയിൽ, കുമ്പളം പി.ഒ |
| | | 3/5 | പുരയിടം | 0.0030 | | | സാറ , ധ/o എം.ഡി.ചോളപറമ്പിൽ കുമ്പളം പി.ഒ |
| | | 3/6 | പുരയിടം | 0.0020 | | | 1.ബാബു, s/o കമലാക്ഷൻ, പടിഞ്ഞാറെചിറയിൽ കുമ്പളം പി.ഒ<br>2.സന്തോഷ് P K s/o കമലാക്ഷൻ, പടിഞ്ഞാറെചിറയിൽ കുമ്പളം പി.ഒ |
| | | 3/16 | പുരയിടം | 0.0042 | | | ചിന്നപ്പൻs/o നാരായണൻ, കളപ്പുരചിറയിൽ, കുമ്പളം പി.ഒ |
| | ആകെ | | | 0.1200 | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്തരൂപം

കുമ്പളവും തേവരയും കൂട്ടി യോജിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് കുമ്പളം -തേവര പാലം അപ്രോച്ച് റോഡ് പദ്ധതി. കുമ്പളം -തേവര അപ്രോച്ച് റോഡ് യാഥാർത്ഥ്യമാകുന്നതോടെ കുമ്പളം നിവാസികളുടെ യാത്രാക്ലേശത്തിന് ഒരു പരിഹാരമാകുകയും ഗ്രാമത്തിന്റെ ബഹുമുഖ വികസനത്തിന് കാരണമാകു കയും ചെയ്യും. എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കുമ്പളം, എളംകുളം വില്ലേജിൽപ്പെട്ട സ്ഥലം ആണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. ഈ പ്രദേശം കര ഭൂമിയാണ്. ഭൂമി ഏറ്റെടുക്കൽ മൂലം വ്യക്തികളുടെ വസ്തുവകകളാണ് പദ്ധതി ബാധിതമാകുന്നത്. ഭൂമിക്കും നിർമ്മിതികൾക്കും ഉണ്ടാകുന്ന നഷ്ടം പ്രധാനപ്രത്യാഘാതങ്ങളായി കണക്കാക്കാവുന്നതാണ്. വാസയോഗ്യമായതും അല്ലാത്തതുമായ കെട്ടിടങ്ങൾ പദ്ധതി പ്രദേശത്ത് ഉണ്ട്. പദ്ധതിപ്രദേശം ജനവാസ കേന്ദ്രമാണെങ്കിലും വീടുകൾ ഒന്നും ആഘാതബാധിതമാകുന്നില്ല. ഭൂമി നഷ്ടം മറ്റ് ചമയങ്ങളുടെ നഷ്ടം ഉപജീവനവരുമാന നഷ്ടം എന്നിവയാണ് ആഘാതബാധിത കുടുംബങ്ങളുടെ പ്രധാന പ്രത്യാഘാതം. കൂടാതെ ഭൂമി ഏറ്റെടുക്കൽ മൂലം കമ്പളം പ്രദേശത്ത് 9 കുടുംബങ്ങൾ കൂടി പദ്ധതിയുടെ പരോക്ഷബാധിതരാണ്. എന്നാൽ തന്നെ ഇതൊരു പൊതുവികസന പ്രവർത്തനത്തിനായതിനാൽ വ്യക്തികൾ സ്ഥലം വിട്ടുനൽകേണ്ടതായി വരുന്നു. ഏതൊരു വികസനപ്രവർത്തനത്തിനായും സ്ഥലം ഏറ്റെടുക്കുമ്പോൾ പല വ്യക്തികളെയും പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത്തരത്തിലുള്ള വികസന പ്രവർത്തനത്തിനായി പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്ന് പോകേണ്ടിവരികയും പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന വന്നിട്ടുള്ള സംവിധാനങ്ങളിൽ ഒന്നാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013. RFCT LARR Act 2013 -ൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരം നല്കുന്നതുമൂലം പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാവുന്നതാണ്. പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രോജക്റ്റിന്റെ ഭാഗമായുണ്ടാകാവുന്ന സാമൂഹ്യചെലവുകളേയും സാമൂഹ്യ പ്രത്യാഘാതത്തേയും അപേക്ഷിച്ച് വളരെ വലുതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുമ്പളം തേവര പാലം അപ്രോച്ച് റോഡ് പദ്ധതി വരുന്നതിനാൽ ജനങ്ങൾക്കുണ്ടാകാവുന്ന ഒരുപാട് നേട്ടങ്ങൾ മുൻനിറുത്തി വിശകലനം ചെയ്യുമ്പോൾ പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. എന്നാൽ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുന്നവർക്ക് നിയമപരവും, നീതി ലഭിക്കുന്നതുമായ നഷ്ടപരിഹാരം നൽകുകയും ചെയ്തുകൊണ്ട് ഭൂമി ഏറ്റെടുക്കേണ്ടതാണ് ഏറ്റവും അനുയോജ്യമായ രീതി എന്ന് മനസിലാക്കാൻ കഴിയും.

(ഒപ്പ്)

**ജില്ലാ കളക്ടർ, എറണാകുളം**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.12.29 04:42:45 +05:30